# പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5019**

**01.07.2013 -ലെ മറുപടിക്ക്**

## പണവും ആധാരങ്ങളും തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് പി.എ. ജോബോയിക്കെതിരെയുള്ള പരാതി

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) പൊതുജനങ്ങളെ കബളിപ്പിച്ച് പണവും വസ്തു സംബന്ധമായ ആധാരങ്ങളും തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് ചാലക്കുടി തണ്ടപ്പള്ളി വീട്ടിൽ പി.എ. ജോബോയിക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 7 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) ഇതിൽ 4 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.<br>1. കൊരട്ടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1573/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act.<br>2. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 2035/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act.<br>3. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1976/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act. |

4. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 2115/12 u/s 406, 420, 34 IPC & 2 r/w 17 of Kerala Money Lenders Act.

ഇതിനു പുറമെ ചാലക്കുടി ഡി.വൈ.എസ്.പി. ടിയാന്റെ വീട് പരിശോധിച്ചതിൽ ആധാരങ്ങളും മറ്റ് രേഖകളും അനധികൃതമായി സൂക്ഷിച്ചിരിക്കുന്നത് കണ്ടെത്തിയതിനാൽ ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം. 2007/12 u/s 3 r/w 17 of Kerala Money Lenders Act പ്രകാരം ഒരു കേസ് കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പണവും വസ്തുവിന്റെ ആധാരങ്ങളും നഷ്ടപ്പെട്ടവർക്ക് ഇത് തിരികെ ലഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ? | (സി) പരാതികളിന്മേൽ രജിസ്റ്റർ ചെയ്ത കേസുകളുടെ കുറ്റപത്രങ്ങൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ ബഹു: കോടതിയുടെ ഉത്തരവ് അനുസരിച്ച് സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ